**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **11-06-2024 - ൽ മറുപടിയ്ക്ക്**

**വായ്പാ കുടിശ്ശിക വരുത്തിയവർക്ക് ആശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഇളവുകളോടെ വായ്പാകുടിശ്ശിക അടച്ചു തീർക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021 ആഗസ്റ്റ് 16 മുതൽ 2024 മാർച്ച് 31 വരെ വിവിധ ഘട്ടങ്ങളിലായി പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി തുടർന്ന് നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല.<br><br>സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 01.05.2024 മുതൽ 30.06.2024 വരെ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>വായ്പാകുടിശ്ശിക അടച്ച് തീർക്കാത്തത് കാരണം ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്ക് പരമാവധി ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ച് തീർക്കുന്നതിന് ഒരവസരം നൽകുന്നതിനും, പ്രസ്തുത കേസുകളിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനുമായി 2024 മാർച്ച് 31 – ന് തീർപ്പാക്കാൻ ബാക്കിനിൽപ്പുള്ള കേസുകളിൽ ഉൾപ്പെട്ട വായ്പാക്കാർക്ക് മാത്രമായി ആർബിട്രേഷൻ, എക്സിക്യൂഷൻ ഫയൽ തീർപ്പാക്കൽ - |

| | | | |
|---|---|---|---|
| | | | പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ